"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2026-2027 വർഷത്തേക്കുള്ള വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.1341/2026/LSGD തീയതി,തിരുവനന്തപുരം, 23-07-2026

---

പരാമർശം:-
1. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റിന്റെ 24.02.2026 ലെ അപേക്ഷ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2026 ലെ LSGD/PD/11252/2026-LSGD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2026-2027 വർഷത്തേക്കുള്ള വ്യാപാര ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 2026 ഫെബ്രുവരി 28ന് അവസാനിക്കുകയാണെന്നും ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതിയുമായി വ്യാപാരികൾ പൊരുത്തപ്പെട്ടു വരുന്നതേയുള്ളൂ എന്നും ആയതിനാൽ ലൈസൻസ് പുതുക്കുവാനുള്ള അവസാന തീയതി മൂന്ന് മാസത്തേക്ക് നീട്ടി നൽകണമെന്നും പരാമർശം 1 പ്രകാരം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2. 2026-2027 വർഷത്തേക്കുള്ള വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള ഔദ്യോഗിക കാലാവധി 31/03/2026-ൽ അവസാനിച്ചിട്ടുള്ളതാണെന്നും, കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷന്റെ നിവേദനത്തിന്റെ പശ്ചാത്തലത്തിലും, പാചക വാതക പ്രതിസന്ധി മൂലം ഹോട്ടലുകൾ അടഞ്ഞു കിടന്ന അസാധാരണ സാഹചര്യം കണക്കിലെടുത്തും, പ്രിന്റിംഗ് പ്രസ്സുകളുടെ ലൈസൻസ് പുതുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യപ്പെടുന്നത് സംബന്ധിച്ച് വ്യാപാരികൾ പരാതികൾ സമർപ്പിക്കുന്ന പശ്ചാത്തലത്തിലും, 2026-2027 വർഷത്തേക്കുള്ള വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി 30/06/2026 വരെ ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കും എന്ന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, 2026-2027 വർഷത്തേക്കുള്ള വ്യാപാര ലൈസൻസ് പുതുക്കുന്നതിനുള്ള കാലാവധി 20.08.2026 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. ഡയറക്ടർ,ഐ&പിആർഡി(വെബ് & ന്യൂമീഡിയ), തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (LSGD-RC3/80/2026-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Deepu B K
Date: 23-07-2026
14:23:45

സെക്ഷൻ ഓഫീസർ